LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സഹകാരി സമ്പർക്ക പരിപാടി മുഖാമുഖം 2013 എല്ലാ ജില്ലകളിലും നടത്തിയിട്ടുണ്ട്.

(ബി) സഹകരണ മേഖലയും സംഘങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുക, സഹകരണ മേഖലയുടെ വികസനത്തിന് ഉതകുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുക, സഹകരണ വകുപ്പും സഹകരണ സംഘങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുക, സഹകാരികൾക്ക് അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള വേദി ഒരുക്കുക എന്നിവയാണ് സഹകാരി സമ്പർക്ക പരിപാടി മുഖാമുഖം 2013 സംഘടിപ്പിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യം.

(സി) ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റുമാർ, സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ, സംഘം പ്രസിഡന്റുമാർ, പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ ഭാരവാഹികൾ, സഹകരണ സംഘം ജീവനക്കാരുടെ സംഘടനകളുടെ ഭാരവാഹികൾ, സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരുടെ പങ്കാളിത്തം ഉറപ്പുവരുത്തിയിരുന്നു. സഹകരണ മേഖല അഭിമുഖീകരിക്കുന്ന പൊതുവായ പ്രശ്നങ്ങളും സഹകരണ മേഖലയിൽ ഓരോ സെക്ടറും നേരിടുന്ന പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ലഭിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമായവയിൽ കേരള സഹകരണ നിയമത്തിലും ചട്ടത്തിലും ഭേദഗതി വരുത്തുകയുണ്ടായി. സഹകരണ മേഖലയുടെ അടിസ്ഥാന ആവശ്യങ്ങൾ ആഴത്തിൽ വിലയിരുത്തുന്നതിനും പ്രാദേശിക തലത്തിലുള്ള പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും ഈ നൂതന പരിപാടികളിലൂടെ സാധിച്ചു.

ധാര പദ്ധതി

91(2292) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് ധാര എന്ന പേരിൽ പദ്ധതി നടപ്പാക്കുമെന്ന് 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ആദ്യഘട്ടമായി ഏതെല്ലാം സ്ഥലങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നതിന് തീരുമാനിച്ചിരുന്നത് ;

(സി) ഇതിനായി എത്ര തുക നീക്കിവച്ചിരുന്നുവെന്നും ഇതുവരെ എത്ര തുക വിനിയോഗിച്ച് ഏതെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്നും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ ഉൾപ്പെടെ എല്ലാ തലങ്ങളിലുമുള്ള സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് 'ധാര പദ്ധതി' നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.

(ബി) 'ധാര' പദ്ധതിയുടെ ആദ്യഘട്ടമായി നെടുമങ്ങാട്, അടൂർ, തിരുവല്ല, ശാസ്താംകോട്ട, പീരുമേട്, കട്ടനാട്, മീനച്ചിൽ, കോതമംഗലം, തലപ്പിള്ളി, ചാവക്കാട്, മഞ്ചേരി, ചിറ്റൂർ, വടകര, മാനന്തവാടി, തളിപ്പറമ്പ്, ഹോസ്ദുർഗ് എന്നീ താലൂക്കുകളിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെ എല്ലാ തരത്തിലുമുള്ള സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ടി താലൂക്കുകളിലെ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിലൂടെ സംഘാംഗങ്ങൾക്കും സമൂഹത്തിനും കൂടുതൽ പ്രയോജനം ഉണ്ടാക്കുകയായിരുന്നു ലക്ഷ്യം.

(സി) 2013-14 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷികവായ്പ സംഘങ്ങൾ ഉൾപ്പെടെ എല്ലാ തലങ്ങളിലുമുള്ള സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് 'ധാര പദ്ധതി' നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും പ്രത്യേകം തുക ബഡ്ജറ്റിലോ/ ഉപധനാഭ്യർത്ഥനയിലോ വകയിരുത്താത്തതിനാൽ ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല.

സാഗര സഹകരണ ആശുപത്രിയുടെ പ്രവർത്തനം

92(2293) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ കീഴിൽ ആലപ്പുഴ പുന്നപ്രയിൽ പ്രവർത്തിക്കുന്ന സാഗര ആശുപത്രിയിൽ സർക്കാരിന്റെ വിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി എന്തൊക്കെ വികസന പ്രവർത്തനങ്ങൾക്കാണ് സഹകരണ വകുപ്പ് ശുപാർശ നൽകിയിട്ടുള്ളത്; ഇതിൽ ഏതൊക്കെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കി; നടപ്പാക്കാത്തവ ഏതെല്ലാം; വിശദമാക്കാമോ;

(ബി) സാഗര ആശുപത്രിയിൽ മരുന്നും മറ്റ് സർജിക്കൽ ഉപകരണങ്ങളും എവിടെ നിന്നാണ് വാങ്ങിയിരുന്നത്; ഇപ്പോൾ ഇവ വാങ്ങുന്നതിന് സ്വകാര്യ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സ്വകാര്യ സ്ഥാപനം ഏതാണ്; കേരള മെഡിക്കൽ കോർപ്പറേഷനെ ഒഴിവാക്കാനുള്ള കാരണമെന്ത്; വ്യക്തമാക്കാമോ;